**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 234** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതു വിഭാഗം സബ്സിഡി കാർഡുകളുടെ സ്പെഷ്യൽ അരി വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുവിഭാഗം സബ്സിഡി കാർഡായ നീല കാർഡുടമകൾക്ക് വിതരണം ചെയ്തിരുന്ന സ്പെഷ്യൽ അരി നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതുവിഭാഗം സബ്സിഡി കാർഡായ നീല കാർഡുടമകളുൾപ്പെടെയുള്ള എല്ലാ കാർഡുകൾക്കും NFSA പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി റേഷൻ വിഹിതത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല. 2026 ജനവരി മാസം മുതൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ടൈഡ് ഓവർ വിഹിതത്തിൽ മുൻപ് ലഭിച്ചിരുന്ന 33,294.198 MT അരി എന്നത് 26,835 MT അരിയും 6459 MT ഗോതമ്പുമായി പരിവർത്തനപ്പെടുത്തിയിരുന്നു. ടൈഡോവർ ഇനത്തിൽ ലഭിച്ച അരിയിൽ നിന്നും ഒരു മാസം, പൊതുവിഭാഗം സബ്സിഡി (NPS), പൊതുവിഭാഗം (NPNS), പൊതുവിഭാഗം സ്ഥാപനം (NPI) എന്നീ വിഭാഗങ്ങൾക്ക് വിതരണം ചെയ്യുവാൻ മാറ്റിവെച്ച ശേഷം 2025 ഡിസംബർ വരെയുള്ള മാസങ്ങളിൽ സ്റ്റോക്കിന്റെ മിച്ചം കണക്കാക്കി NPS കാർഡുകൾക്ക് സ്പെഷ്യലായി ശരാശരി മൂന്ന് മുതൽ നാല് കിലോ വരെ ഒരു കാർഡിന് സ്പെഷ്യൽ അരി അനുവദിച്ച് വന്നിരുന്നതും അതോടൊപ്പം NPNS കാർഡുകളുടെ വിഹിതം ഉയർത്തി നൽകിയിരുന്നതുമാണ്. ടൈഡോവർ ഇനത്തിൽ കേന്ദ്രസർക്കാർ അനുവദിക്കുന്ന അരി പൂർണമായും വിട്ടെടുക്കുന്നതിനും ആയത് ലാപ്സ് ആവാതെ ഇരിക്കുന്നതിനും വേണ്ടിയാണ് റെഗുലർ വിഹിതം കൂടാതെ NPS വിഭാഗത്തിന് അധികം വരുന്ന ഭക്ഷ്യധാന്യങ്ങൾ ഉപയോഗിച്ച് സ്പെഷ്യൽ അരി വിതരണം ചെയ്തത്. NPS, NPNS വിഭാഗങ്ങളിലെ 100% കാർഡുടമകളും റേഷൻ വാങ്ങാത്ത സാഹചര്യത്തിൽ മിച്ചം ഉള്ളപ്പോൾ മാത്രമാണ് ആയത് വിനിയോഗിക്കുന്നതിന് വേണ്ടി ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു, ബക്രീദ് അടക്കമുള്ള പ്രത്യേക അവസരങ്ങളിൽ NPS വിഭാഗത്തിന് സ്പെഷ്യൽ അരി വിതരണം ചെയ്യുന്നത്. മിച്ചം ഇല്ലാത്ത പക്ഷം സ്പെഷ്യൽ അരിയുടെ വിതരണം നടത്താൻ കഴിയുന്നതല്ല. കാരണം ടൈഡ് ഓവർ വിഭാഗത്തിൽ ലഭിക്കുന്ന അലോക്കേഷനകകത്തുനിന്നു മാത്രമേ വിതരണം നടത്താൻ കഴിയുകയുള്ളൂ.

**(ബി)** കാലവർഷക്കെടുതികളും അതിനോടനുബന്ധിച്ചുള്ള തൊഴിൽ നഷ്ടവും കണക്കിലെടുത്ത് സ്പെഷ്യൽ അരി വിതരണം പുനരാരംഭിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഓരോ മാസവും NPS, NPNS വിഭാഗങ്ങളിലെ 100% കാർഡുടമകളും റേഷൻ വാങ്ങാത്ത സാഹചര്യത്തിൽ മിച്ചം വരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കണക്കാക്കി മാത്രമേ സ്പെഷ്യൽ അരി അനുവദിക്കാൻ കഴിയുകയുള്ളൂ. ലഭ്യത അനുസരിച്ച് സ്പെഷ്യൽ അരിയുടെ വിതരണം നടത്തുന്നുണ്ട്.

**(സി)** സ്പെഷ്യൽ അരി വിതരണം നിർത്തലാക്കിയത് എത്ര ലക്ഷം നീല കാർഡുടമകളെയാണ് ദോഷകരമായി ബാധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൊതുവിഭാഗം സബ്സിഡി (NPS-നീല) കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട റെഗുലർ വിതരണം തടസ്സമില്ലാതെ നടക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**